


ടിസിഎസ് ഐടി വിസ് ക്വിസ് മൽസര ജേതാക്കളായ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവർ ടിസിഎസ് വൈസ് പ്രസിഡന്റും ഡെലിവറി സെന്റർ മേധാവിയുമായ ദിനേശ് പി.തമ്പി, കേരളാ ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ കുഞ്ചെറിയ പി.ഐസക് എന്നിവർ ട്രോഫി സമ്മാനിക്കുന്നു.

# ടിസിഎസ് ഐടി വിസ് ക്വിസ്: നേവി ചിൽഡ്രൻ സ്കൂൾ ജേതാക്കൾ

കൊച്ചി • ടാറ്റ കൺസൽറ്റൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് 2016 ക്വിസ് മൽസരത്തിൽ നേവി ചിൽഡ്രൻസ് സ്കൂൾ ജേതാക്കളായി. കൊച്ചി കലൂർ ഗോകുലം പാർക്ക് ആൻഡ് കൺവൻഷൻ സെന്ററിൽ നടന്ന ഫൈനലിൽ സംസ്ഥാനത്തെ പല സ്കൂളുകളിൽ നിന്നായി 1100ലധികം കുട്ടികളാണു പങ്കെടുത്തത്.

'ഡിഫോൾട് ഈസ് ഡിജിറ്റൽ' എന്നതായിരുന്നു മൽസരവിഷയം. പ്രാഥമിക ഘട്ടത്തിലെ എഴുത്തുപരീക്ഷയിൽ മുന്നിട്ടുനിന്ന ആറു ടീമുകൾക്കാണ് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാനായത്. നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവരാണ് പ്രാദേശിക ഫൈനലിലെ അഞ്ച് ഘട്ടങ്ങളിലും ജയിച്ച് ആദ്യസ്ഥാനത്തെത്തിയത്. മെഡലുകൾക്കും ട്രോഫികൾക്കും പുറമേ ഐ പാഡ് എയർ സമ്മാനമായി നൽകി.

എരൂർ ഭവൻസ് വിദ്യാമന്ദിരിലെ അശ്വിൻ എം.പ്രഭു, അതുൽ സത്യൻ എന്നിവർ രണ്ടാം സ്ഥാനത്തെത്തി. റണ്ണേഴ്സ് അപ്പിന് ഐ പാഡ് മിനിയാണ് സമ്മാനമായി നൽകിയത്. ഫൈനൽ റൗണ്ടിലെത്തിയ ആറുപേർക്കും സ്പേസ് പാക്ക്, സെൽഫി സ്റ്റിക്, ഇയർ ഫോൺ, ബ്ലൂടൂത്ത് സ്പീക്കർ, പെൻഡ്രൈവ് എന്നിവ സമ്മാനിച്ചു. ഒന്നാം സമ്മാനം നേടിയ ടീമിന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനലിൽ മാതാപിതാക്കൾക്കോ അധ്യാപകർക്കോ ഒപ്പം പങ്കെടുക്കാം.

കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. കുഞ്ചെറിയ പി.ഐസക്കും ടിസിഎസിന്റെ ഡെലിവറി സെന്റർ മേധാവിയും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പിയും ഉപഹാരങ്ങൾ സമ്മാനിച്ചു.

ക്വിസ് മാസ്റ്റർ ബാലസുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലായിരുന്നു മൽസരം.